## കേരള സർക്കാർ

### സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - പാലക്കാട് ജില്ലാ ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. ദീപ മറിയ. കെ.വി.-യ്ക്ക്, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആരോഗ്യ കുടുംബക്ഷേമ(എസ്) വകുപ്പ്

സ.ഉ.(സാധാ.) നം. 172/2019/ആ.കു.വ. തീയതി, തിരുവനന്തപുരം, 23.01.2019.

---

പരാമർശം: (1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.10.2018-ലെ ഇ.എ 6-81467/2018/ആ.വ.ഡ. നമ്പർ കത്ത്.

(2) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 07.12.2018-ലെ ബി9/26919/2018/ഡി.എം.ഇ. നമ്പർ കത്ത്.

### ഉത്തരവ്

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശ കത്തിലെ ശിപാർശ പരിഗണിച്ച്, പാലക്കാട് ജില്ലാ ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. ദീപ മറിയ. കെ.വി.-യ്ക്ക്, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ അന്യത്രസേവനം സംബന്ധിച്ച വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം-I, ചട്ടം 140(സി)-യിലെ നിബന്ധനകൾക്കും വിധേയമായി, മാതൃ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കോ, പ്രസ്തുത തസ്തികയിൽ പി.എസ്.സി മുഖേന നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അനുവദിക്കപ്പെട്ട കാലയളവിനുശേഷവും അന്യത്ര സേവന തസ്തികയിൽ തുടരുന്നത് കെ.എസ്സ്.ആർ. ഭാഗം-1, ചട്ടം 140(സി) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ, അന്യത്ര സേവന കാലയളവ് അവസാനിച്ച കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം, അനുവദിക്കപ്പെട്ട അന്യത്ര സേവനകാലം അവസാനിക്കുമ്പോൾ ഡോ. ദീപ മറിയ. കെ.വി.-യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് മടക്കി അയയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**മനു. ബി.,**

**അഡീഷണൽ സെക്രട്ടറി.**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡോ. ദീപ മറിയ. കെ.വി., അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി, പാലക്കാട്.

(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം)

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ.
സൂപ്രണ്ട്, ജില്ലാ ആശുപത്രി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

[signature]

Endt. No. EA6-81467/2018/DHS. dt. 23.1.19

സെക്ഷൻ ഓഫീസർ.

Copy communicated to DMOH Palakkadu for necessary action.

[signature]
for DHS.

[initials] 23/1/19